കെ. എസ്. ഇ. ബി. യിലെ സെക്രട്ടറിയുടെ നിയമനം

625 [907] ഡോ. ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യുടെ രൂപീകരണത്തിനു ശേഷം ബോർഡിന്റെ നടത്തിപ്പിൽ ഗവൺമെന്റിനു നിയന്ത്രണം വേണമെന്ന ഉദ്ദേശത്തോടെ അതിന്റെ സെക്രട്ടറി പദവിയിലേക്ക് ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ട് ചെയ്യാറുണ്ടോ;

(ബി) ഇപ്പോൾ പതിവിനു വിരുദ്ധമായി ബോർഡിലെ തന്നെ ഒരു എഞ്ചിനീയറെ സെക്രട്ടറിയായി നിയമിക്കുവാൻ പോകുന്നതായി അറിയുന്നത് ശരിയാണോ;

(സി) പ്രസ്തുത നിയമനം ബോർഡ് സെക്രട്ടറിയേറ്റ് റഗുലേഷനു വിരുദ്ധമാകയാൽ ഈ ഒരു എഞ്ചിനീയർക്കു വേണ്ടി റഗുലേഷൻ മാറ്റുവാൻ ശ്രമിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

ഉത്തരം

(എ) കെ. എസ്. ഇ. ബോർഡിലെ സെക്രട്ടറിയുടെ നിയമനം ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി ബോർഡാണ് നടത്തുന്നത്. ബോർഡ് സെക്രട്ടേറിയറ്റിന്റെ രൂപീകരണത്തിനു ശേഷം ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഒരു ഉദ്യോഗസ്ഥനെയാണ് തൽസ്ഥാനത്തേയ്ക്ക് ഡെപ്യൂട്ട് ചെയ്യാറുള്ളത്.

(ബി) 18.1.1979 ൽ ചേർന്ന ബോർഡ് യോഗത്തിൽ ബോർഡിന്റെ സെക്രട്ടറിയായി ഒരു സുപ്രണ്ടിംഗ് എഞ്ചിനീയറെ നിയമിക്കുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(സി) 18.1.1979 ലെ ബോർഡ് തീരുമാനം നടപ്പിലാക്കുന്നതിലേക്ക് ബോർഡ് സെക്രട്ടേറിയറ്റ് റഗുലേഷൻ ഭേദഗതി ചെയ്യേണ്ടതുണ്ട്. ഇത് ബോർഡിന്റെ അധികാരപരിധിയിൽ പെട്ട കാര്യമാണ്.

ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാരുടെ സംഘടനകളുമായി ഉണ്ടാക്കിയ ദീർഘകാല കരാറിലെ വ്യവസ്ഥകൾ

626 [908] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാരുടെ സംഘടനകളുമായുണ്ടാക്കിയ കരാർ എന്നുമുതലാണ് നടപ്പിലാക്കാമെന്ന് സമ്മതിച്ചിട്ടുള്ളത്;

(ബി) ഈ കരാറു പ്രകാരം കൊല്ലത്തിൽ എത്ര സംഖ്യ കൂടുതലായി ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly